വാറ്റ്മൂലമുള്ള ടാക്സ് വർദ്ധനവ്

30 [2089] *ഡോ. എം. എ. കുട്ടപ്പൻ:*
ശ്രീ. പി. ടി. തോമസ്:
,, പി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് നടപ്പാക്കുന്നതിനെ വ്യാപാരി വ്യവസായികൾ എതിർക്കുന്നതിന്റെ കാരണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) വാറ്റ് നടപ്പാക്കുന്നതിന്റെ ഫലമായി അവർ ഉപഭോക്താക്കളിൽ നിന്ന് പിരിച്ചെടുക്കാത്ത തുകയുടെ തുക സർക്കാരിൽ അടയ്ക്കേണ്ടതായുണ്ടോ,

(സി) വാറ്റ്മൂലം ടാക്സ് വർദ്ധിക്കുമെന്ന് അവകാശപ്പെട്ട് കടയടച്ച വ്യാപാരികൾ ഇതിനുമുൻപ് വിൽപ്പന നികുതി വർദ്ധിപ്പിച്ചപ്പോൾ എപ്പോഴെങ്കിലും കടയടച്ചോ മറ്റുവിധത്തിലോ സമരം ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) വ്യാപാരികളുടെയും വ്യവസായികളുടെയും നാൽപതിലധികം സംഘടനകളിൽ ഭൂരിഭാഗവും മൂല്യവർദ്ധിത നികുതിയെ പൊതുവിൽ സ്വാഗതം ചെയ്തിട്ടുണ്ട്. നികുതി സമ്പ്രദായം ലളിതവും സുതാര്യവും ആക്കുമെന്നതും നിരവധി വസ്തുക്കളുടെ നികുതി നിരക്ക് കുറയുമെന്നതും ആണിതിനു കാരണം. എന്നാൽ ചില പ്രായോഗിക പ്രശ്നങ്ങൾ പല സംഘടനകളും ചൂണ്ടിക്കാണിക്കുകയും അവ പരിഹരിക്കാൻ സർക്കാർ നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വാറ്റ് നിയമപ്രകാരം ഒന്നാം പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള സാധനങ്ങൾ ഒഴികെ മറ്റു പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന സാധനങ്ങൾ 1%, 4%, 12.5% എന്നീ നിരക്കുകളിൽ വിൽപ്പനയുടെ എല്ലാ ഘട്ടത്തിലും നികുതി വിധേയമാണ്. ഉപഭോക്താക്കളിൽ നിന്നും ഈടാക്കിയിട്ടുള്ള നികുതി സർക്കാരിലേക്ക് അടയ്ക്കുന്നതിനു മുൻപ് വ്യാപാരി ആ സാധനം വാങ്ങിയപ്പോൾ നൽകിയ നികുതിക്ക് കിഴിവ് ലഭിക്കുന്നതുമൂലം വ്യാപാരിയുടെ സ്വന്തം കയ്യിൽ നിന്നും യാതൊരുവിധ നികുതിയും കൊടുക്കേണ്ടതില്ല.

(സി) സമരം ചെയ്തതായി അറിവില്ല.

സംസ്ഥാനത്തെ വൺമാൻ ട്രഷറികൾ

31 [210] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ പഞ്ചായത്തുകളിലാണ് വൺമാൻ ട്രഷറികൾ പ്രവർത്തിക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൺമാൻ ട്രഷറി നിലവിലില്ലാത്ത പഞ്ചായത്തുകളിൽ വൺമാൻ ട്രഷറികൾ തുടങ്ങാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വൺമാൻ ട്രഷറികൾ പ്രവർത്തിക്കുന്ന പഞ്ചായത്തുകൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

നമ്പർ	*ജില്ല*	*പഞ്ചായത്ത്*
1.	തിരുവനന്തപുരം	1. നെല്ലനാട്
		2 കല്ലിയൂർ
2.	കൊല്ലം	1. ചവറ
		2. കുളക്കട
3.	ആലപ്പുഴ	1. മാന്നാർ
		2. പാലമേൽ
		3. മുതുകുളം
4.	എറണാകുളം	1. വെല്ലാനം
		2. കുന്നുകുങ്ങി
		3. പോത്താനിക്കാട്
5.	തൃശ്ശൂർ	1. മണലൂർ
6.	മലപ്പുറം	1. വണ്ടൂർ
7.	കോഴിക്കോട്	1. കുന്ദമംഗലം
		2. താമരശ്ശേരി
8.	പാലക്കാട്	1. എലപ്പുള്ളി
9.	കണ്ണൂർ	1. ആലക്കോട്
10.	കാസറഗോഡ്	1. തൃക്കരിപ്പൂർ

(ബി) ഇപ്പോൾ ആലോചനയിലില്ല.

(സി) ബാധകമല്ല.

തൃക്കരിപ്പൂർ ട്രഷറി സബ്ട്രഷറിയായി ഉയർത്തുന്നതിനു നടപടി

32 [211] *ശ്രീ. കെ. വി. സതീശ് ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഏകാംഗ ട്രഷറി സബ്ട്രഷറിയായി ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly